# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല – കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2006-07- ഖണ്ഡിക 3(2), 3(4) – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ) നം.855/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 19/05/2014-ലെ എം3-15344/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 18/12/2014-ലെ L.F. 10859/PT2/2014 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2), 3(4) എന്നിവ പ്രകാരം യഥാക്രമം 73,040/-രൂപ, 66,450/- രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയിതന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണത്തിൽ അനുവദനീയമായതിലും അധികം തുക ചെലവഴിച്ചുവെങ്കിലും ടി പദ്ധതി പ്രകാരം അർഹരായവർക്ക് പ്രയോജനം കിട്ടിയതിനാലും 28/01/2014-ൽ ചേർന്ന ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13(എ) 13(ഡി) തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത അധിക തുക നല്കിയതിനു സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 റിപ്പോർട്ട് ഖണ്ഡിക 3(2), 3(4) പ്രകാരം തടസ്സപ്പെടുത്തിയ തുക യഥാക്രമം 73,040/-, രൂപ (എഴുപത്തിമൂന്നായിരത്തി നാൽപ്പത് രൂപ മാത്രം), 66,450/- (അറുപത്തി ആറായിരത്തി നാനൂറ്റി അമ്പത് രൂപ മാത്രം) രൂപയുടെ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
സാലമ്മ എബ്രഹാം,<br>
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം<br>
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്<br>
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്<br>
സെക്രട്ടറി, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്, പാലക്കാട്<br>
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം<br>
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം<br>
സെക്ഷൻ ഓഫീസർ